## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1905 . 16-06-2014 ന് മറുപടിയ്ക്ക്

### വനഭൂമി കയ്യേറ്റം

**ചോദ്യം**

**ശ്രീ. ചിറ്റയം ഗോപകുമാർ**

(എ) വനഭൂമി കയ്യേറിയും വനഭൂമിയോട് ചേർന്നതുമായ കരിങ്കൽ ക്വാറികളും എംസാന്റ് പ്ലാന്റുകളും പ്രവർത്തിക്കുന്നുണ്ടോ; ഇവയുടെ ജില്ലതിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് ഇവയ്ക്കെതിരെ എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

**മറുപടി**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**(ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)**

(എ) വനഭൂമി കയ്യേറി കരിങ്കൽ ക്വാറികളും എംസാന്റ് പ്ലാന്റുകളും പ്രവർത്തിക്കുന്നില്ല. വനഭൂമിയോട് ചേർന്ന പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറികളുടേയും എംസാന്റ് പ്ലാന്റുകളുടേയും ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കരിങ്കൽ ക്വാറികളുടെ എണ്ണം | എംസാന്റ് പ്ലാന്റുകളുടെ എണ്ണം | ആകെ എണ്ണം |
|---|---|---|---|---|
| 1 | തൃശ്ശൂർ | 24 | 1 | 25 |
| 2 | എറണാകുളം | 4 | 1 | 5 |
| 3 | മലപ്പുറം | 1 | - | 1 |
| 4 | പാലക്കാട് | 18 | 7 | 25 |
| 5 | വയനാട് | 6 | - | 6 |
| 6 | കാസർഗോഡ് | 3 | - | 3 |
| 7 | കണ്ണൂർ | 5 | - | 5 |
| 8 | പത്തനംതിട്ട | 9 | - | 9 |
| | ആകെ | 70 | 9 | 79 |

(ബി) 220 കേസുകൾ നിലവിലുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തൃശ്ശൂർ | 15 |
| 2 | എറണാകുളം | 9 |
| 3 | മലപ്പുറം | 3 |
| 4 | പാലക്കാട് | 48 |
| 5 | ഇടുക്കി | 40 |
| 6 | തിരുവനന്തപുരം | 1 |
| 7 | കൊല്ലം | 5 |
| 8 | പത്തനംതിട്ട | 8 |
| 9 | വയനാട് | 91 |
| | ആകെ | 220 |

| | | | |
|---|---|---|---|
| (സി) | വനഭൂമി കയ്യേറ്റം സംബന്ധിച്ച് ഇതു വരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കാമോ? | (സി) | വനം കയ്യേറ്റങ്ങളെല്ലാം ഒഴിപ്പിക്കുവാൻ സംസ്ഥാനതല, സർക്കിൾതല കമ്മിറ്റികൾ നിലവിലുണ്ട്. ടി കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. കൂടാതെ എല്ലാ ഡിവിഷനുകളിലും വനം കയ്യേറ്റം കണ്ടെത്തുന്നതിനും ആയത് തടയുന്നതിനുമായി ശക്തമായ വന പരിശോധന, ഇ.ഡി.സികളുടെ സഹായത്തോടെയുള്ള പട്രോളിംഗ്, രഹസ്യ വിവര ശേഖരണം, വനാതിർത്തി ജണ്ട, കല്ല് കയ്യാല എന്നിവ കെട്ടിത്തിരിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Ajithcab

സെക്ഷൻ ഓഫീസർ